പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട് (2013-14)**

**THIRD REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2013-14)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June 2013)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും

(HEALTH AND FAMILY WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട് (2013–14)

THIRD REPORT
ON
THE SCRUTINY OF DEMANDS FOR GRANTS
(2013-14)

707/2013.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി XII

### ആരോഗ്യവും കുടുംബക്ഷേമവും
(2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ. എ. അസീസ്

,, ഐ. സി. ബാലകൃഷ്ണൻ

,, പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

,, എ. റ്റി. ജോർജ്

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, റോഷി അഗസ്റ്റിൻ

,, പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

# അവതാരിക

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്, സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി 24-4-2013, 29-4-2013 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (2236 പോഷകാഹാരം)

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2013 മേയ് 9-ാം തീയതി കൂടിയ യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XII.*

തിരുവനന്തപുരം,
2013 മേയ് 9.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത്—3337,15,54,000 രൂപ

ചാർജ് ചെയ്തത്—10,01,000 രൂപ

**ആരോഗ്യ വകുപ്പ്**

2210-01-001-92—ഭരണഭാഷ മലയാളമാക്കുന്നതിന് വേണ്ടി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പ്രത്യേക പരിപാടികൾ

ബഡ്ജറ്റ് വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

1. ആരോഗ്യ വകുപ്പിൽ ഭരണഭാഷ പുർണ്ണമായ തോതിൽ മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച 1,000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-110-99—ആശുപത്രികളും ഡിസ്പെൻസറികളും

ബഡ്ജറ്റ് വിഹിതം—430,69,67,000 രൂപ (നോൺ പ്ലാൻ)

2. ആരോഗ്യവകുപ്പിലെ കെട്ടിട നികുതിയിനത്തിൽ നിലവിലുള്ള കുടിശിക അടയ്ക്കുന്നതിന് വേണ്ടിയും വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-03-800-92—പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകം

ബഡ്ജറ്റ് വിഹിതം—ഇല്ല

3. വയനാട്ടിൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഒരു മൊബൈൽ മെഡിക്കൽ യുണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ പോഷകാഹാര പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2210-05-105-74—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നഴ്സുമാരുടെയും പരിശീലനം

ബഡ്ജറ്റ് വിഹിതം—7,07,91,000 രൂപ (നോൺ പ്ലാൻ)

5. നഴ്സിംഗ് സ്കൂളുകളുടെ പ്രവർത്തനത്തിനും വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

6. ഈ സാമ്പത്തിക വർഷം ആശാവർക്കർമാർക്കുള്ള അലവൻസ് നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24,95,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2211-00-101-96—ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളും പോസ്റ്റ്പാർട്ടം കേന്ദ്രങ്ങളും (ബ്ലോക്ക് P.H.C.കൾ)

ബഡ്ജറ്റ് വിഹിതം—94,74,46,000 രൂപ (നോൺ പ്ലാൻ)

7. ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളിലേയും പോസ്റ്റ്പാർട്ടം കേന്ദ്രങ്ങളിലേയും (ബ്ലോക്ക് P.H.C.) ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക കുടിശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-105-33-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം—80 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-105-33-24—സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം—1,75,000 രൂപ (നോൺ പ്ലാൻ)

8. മെഡിക്കൽ ഹൗസ് സർജൻമാരുടേയും, മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടേയും മാസ സ്റ്റൈപ്പന്റ് നിരക്കിലുണ്ടായ വർദ്ധനയെത്തുടർന്നുള്ള അധികബാദ്ധ്യത നേരിടുന്നതിന് സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് ഇനത്തിൽ 20.38 ലക്ഷം രൂപയും, വിവിധ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ദന്തൽ കോളേജ് എന്നിവിടങ്ങളിൽ ജീവൻ രക്ഷാമരുന്നുകൾ, ആഹാര സാധനങ്ങൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിലേക്കായി, വിവിധ ആശുപത്രികൾക്ക് 5 കോടി 30 ലക്ഷം രൂപയും 1.84 ലക്ഷം രൂപ വിവിധ മെഡിക്കൽ, ദന്തൽ കോളേജുകൾക്കുമായി ആകെ 27.52 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-001-98—ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസ്

2210-02-001-98-45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം—3,30,000 രൂപ

9. 14 ജില്ലാ ഓഫീസുകളുടേയും വാഹനങ്ങളുടെ ഇന്ധനച്ചെലവിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 85,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-001-98-21—(മോട്ടോർ വാഹനങ്ങൾ)-2 (സംരക്ഷണവും അറ്റകുറ്റപ്പണികളും)

ബഡ്ജറ്റ് വിഹിതം—1,96,000 രൂപ

10. 14 ജില്ലാ ഓഫീസുകളുടേയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-001-98-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം—4,00,000 രൂപ

11. വിവിധ സ്ഥാപനങ്ങൾക്ക് വാടക കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് ഈ ശീർഷകത്തിൽ അധികമായി 50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-104-98—സിദ്ധ ആശുപത്രി

2210-02-104-98-24—സാധന സാമഗ്രികൾ—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—10 ലക്ഷം രൂപ (പ്ലാൻ)

12. ജില്ലകളിലെ സിദ്ധവൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകംചെയ്യുന്നതിനായുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-104-99—സിദ്ധവൈദ്യ ആശുപത്രിയും ഡിസ്പെൻസറികളും

2210-02-104-99-24—സാധന സാമഗ്രികൾ—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—5 ലക്ഷം രൂപ (നോൺ പ്ലാൻ)

13. ജില്ലകളിലെ സിദ്ധവൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകംചെയ്യുന്നതിനുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-101-84—മാനസിക രോഗ ഗവേഷണ സ്ഥാപനം

05-02—വൈദ്യുതച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം—2 ലക്ഷം രൂപ

14. വൈദ്യുത ചാർജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-04-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—3 ലക്ഷം രൂപ

15. നിലവിലുള്ള വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 78,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-04-192-50—റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം—32,000 രൂപ (നോൺ പ്ലാൻ)

16. ജില്ലയിലെ വൈദ്യന്മാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. 14 ജില്ലകളിലെയും ആയുർവ്വേദ സ്ഥാപനങ്ങളുടെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-198-50-24—സാധന സാമഗ്രികൾ—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം—149 ലക്ഷം രൂപ

2210-02-196-50-24—സാധന സാമഗ്രികൾ—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം—59 ലക്ഷം രൂപ

2210-02-192-50-24—സാധന സാമഗ്രികൾ—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം—39 ലക്ഷം രൂപ

2210-02-191-50-24—സാധന സാമഗ്രികൾ—കോർപ്പറേഷനുകൾക്കുള്ള ധനസഹായം—3,41,000 രൂപ

18. ഒരു ബ്ലോക്കിൽ ഒന്നിൽ കൂടുതൽ സി.എച്ച്.സി.-കളോ പി.എച്ച്.സി.-കളോ ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രത്യേകം ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-001-96—ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

01-ശമ്പളം—ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം—കമ്പ്യൂട്ടർവൽക്കരണവും നവീകരണവും (പ്ലാൻ)

19. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുറവ്, ആയുർവ്വേദ പി.ജി. കോഴ്സുകൾക്കുള്ള അലോട്ട്മെന്റ്, പാരാമെഡിക്കൽ കോഴ്സുകളുടെ നടത്തിപ്പ്, സർക്കാർ എയ്ഡഡ്, സ്വാശ്രയ മേഖലയിലെ ആയുർവ്വേദ വിദ്യാഭ്യാസ സംബന്ധമായ മറ്റ് ജോലികൾ ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിലേക്കായി 2210-05-001-96-01—ശമ്പളം എന്ന ശീർഷകം രൂപീകരിച്ച് 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-001-95—ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള തുടർവിദ്യാഭ്യാസം

ബഡ്ജറ്റ് വിഹിതം—10 ലക്ഷം രൂപ (പ്ലാൻ)

20. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിന്റെ ഭാഗമായി തുടങ്ങിവെച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4210-03-101-93—ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ.

ബഡ്ജറ്റ് വിഹിതം—ഇല്ല

21. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മെഡിക്കൽ സ്റ്റോർ എന്നിവയുടെ നിർമ്മാണത്തിനായി 4210-03-101-87-01—മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ 2 കോടി രൂപ അധിക കേന്ദ്രസഹായമായി അനുവദിച്ചിട്ടുണ്ട്. 4210-03-101-93 എന്ന ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 1.5 കോടി രൂപയിൽ ഒരു വിഹിതം കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജിനും ലഭിച്ചിരുന്നുവെങ്കിലും ഈ സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇപ്പോൾ അധിക കേന്ദ്രസഹായമായി അനുവദിച്ച 2 കോടി രൂപ അപര്യാപ്തമായതിനാൽ 4210-03-101-93 എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-001-98-06—ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം—വാടക, കരം, നികുതി (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം—ഇല്ല

22. 2210-05-001-98-ൽ (06-ആർ. ആർറ്റി.) (നോൺ പ്ലാൻ) എന്ന ഉപശീർഷകം ഈ വകുപ്പിന് അനുവദിച്ചിട്ടില്ല. എന്നാൽ ഈ വകുപ്പിൽ (06-ആർ. ആർറ്റി.) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ട പ്രോപ്പർട്ടി ടാക്സ് തുടങ്ങിയ ആവശ്യങ്ങൾ മെറ്റീരിയൽസ് & സപ്ലൈസ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം (2012-13)

പ്രോപ്പർട്ടി ടാക്സിന്റെ 2-ാം ഗഡു അടയ്ക്കുന്നതിന് മെറ്റീരിയൽസ് & സപ്ലൈസ് (നോൺ പ്ലാൻ) എന്ന ഹെഡിൽ മതിയായ തുക ഇല്ലാതിരുന്നത് കാരണം അടയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ ഡി.എ.എം.ഇ. ഓഫീസിന്റെ 4-ാം നില കെട്ടിടത്തിന് കോർപ്പറേഷനിൽ നിന്നും നമ്പർ ലഭ്യമാകുകയും വാടക നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2210-05-001-98 (06-ആർ. ആർറ്റി.) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### ഗവൺമെന്റ് ആയുർവ്വേദ കോളേജ്. കണ്ണൂർ

23. യാത്രാബത്ത, അവധി യാത്രാ ആനുകൂല്യം, വൈദ്യുതി ചാർജ്, ഡീസൽ ചാർജ്, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, പാർട്ട് ടൈം ജീവനക്കാരുടെ ക്ഷാമബത്ത, അലവൻസുകൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

| | | | | |
|---|---|---|---|---|
| 2210-05-101-79-04 | - | യാത്രാച്ചെലവുകൾ | - | 648 ലക്ഷം |
| 2210-05-101-79-05 | - | ഓഫീസ് ചെലവുകൾ | - | 2 ലക്ഷം |
| 2210-05-101-79-06(45) | - | പി.ഒ.എൽ. | - | 1 ലക്ഷം |
| 2210-02-101-78(01) | - | ശമ്പളം | - | 2.5 ലക്ഷം |
| 2210-02-101-78(02) | - | വേതനം | - | 50,000 രൂപ |
| 2210-02-101-78(04) | - | യാത്രാച്ചെലവുകൾ | - | 4.27 ലക്ഷം |
| 2210-02-101-05(45) | - | പി.ഒ.എൽ. | - | 50,000 രൂപ |

### ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ

24. അദ്ധ്യാപകരുടെ യു.ജി.സി. ശമ്പളം, കുടിശ്ശിക, ജീവനക്കാരുടെ അവധി യാത്രാ ആനുകൂല്യം, കെട്ടിട നികുതി, സ്റ്റൈപ്പന്റും കുടിശ്ശികയും, ഇന്റേൺഷിപ്പു കാരുടെ ബാധ്യത, പച്ചമരുന്നുകളുടെ വിലവർദ്ധനവ്, രോഗികളുടെ എണ്ണത്തിലെ വർദ്ധനവുമൂലമുണ്ടാകുന്ന അധികബാധ്യത, വാട്ടർ ചാർജ്, കറന്റ് ചാർജ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷക ങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ - 151.25 ലക്ഷം രൂപ

2210-02-101-98—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ - 113.33 ലക്ഷം രൂപ

### ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം

2210-05-101-95—ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

25. ആയുർവ്വേദ കോളേജിലെ പി.ജി., യു.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ദിവസവേതനക്കാർക്കുള്ള തുകയ്ക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

2210-05-101-95-02—(വേതനം) - 7 ലക്ഷം രൂപ

2210-05-101-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും - 9 ലക്ഷം രൂപ

**ആയുർവ്വേദ കോളേജ്, തിരുവനന്തപുരം, ഫാർമ കോഗ്നസി യൂണിറ്റ്**

2210-02-101-94—ഔഷധ സസ്യപഠന കേന്ദ്രം

26. ഔഷധത്തോട്ടത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിനോക്കുന്നവർക്ക് വേതനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഹോമിയോപ്പതി വകുപ്പ്**

2210-02-102-76—വനിതാ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ (സീതാലയം)

ബഡ്ജറ്റ് വിഹിതം—1 കോടി രൂപ

4210-02-110-82—സ്ത്രീകൾക്ക് വേണ്ടിയുള്ള ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം—80 ലക്ഷം രൂപ

27. സ്ത്രീ സാന്ത്വനപദ്ധതിയായ സീതാലയത്തിന്റെ പദ്ധതി നടത്തിപ്പിനും സീതാലയം സെന്റർ നിർമ്മാണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സാന്ത്വനമേകുന്ന സീതാലയം പദ്ധതി ഇന്ന് താൽക്കാലിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചു കൊണ്ടാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 14 ജില്ലകളിലേയും സീതാലയം സെന്ററുകളിൽ ആവശ്യമായ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. സംസ്ഥാനമൊട്ടാകെയുള്ള ഹോമിയോ ഡിസ്പെൻസറികളിലേക്കും ആശുപത്രികളിലേക്കും ആവശ്യമായ മരുന്നും ലേപനങ്ങളും മറ്റും സംഭരിച്ച് കൃത്യമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട താണ് റീജണൽ മെഡിക്കൽ സ്റ്റോറുകൾ. റീജണൽ മെഡിക്കൽ സ്റ്റോറുകൾക്ക് പുറമെ ഒരു സെൻട്രൽ മെഡിക്കൽ സ്റ്റോർ കൂടി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 3 റീജണൽ മെഡിക്കൽ സ്റ്റോറുകളുടേയും ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി നോക്കുന്നവരാണ്. വകുപ്പിന് കീഴിലുള്ള ഹോമിയോ സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് സംഭരണവും, വിതരണവും കാര്യക്ഷമമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ആയതിനാൽ നിലവിലുള്ള മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-102-99-34—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം—1 കോടി രൂപ (പ്ലാൻ)

30. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി കോളേജ് ബസ് അത്യാവശ്യമാണ്. ബഡ്ജറ്റ് മുഖേന പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോളേജ് ബസ് വാങ്ങുന്നതിനായി 2210-05-102-99-34-3 (മറ്റിനം) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം—718.50 ലക്ഷം രൂപ (നോൺ പ്ലാൻ)

31. ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ഇന്റേണീസ് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവശ്യമായി വരുന്ന 10 ലക്ഷം രൂപ 2210-05-102-99-06-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-102-88—സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം—1510.19 ലക്ഷം രൂപ (നോൺ പ്ലാൻ)

32. ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം മുഖേനയുള്ള കുടിശ്ശിക ശമ്പളം, ഇന്റേണിസ്സിന്റെ സ്റ്റൈപ്പന്റ് കുടിശ്ശിക, മൂന്ന് സ്വകാര്യ കോളേജുകൾക്ക് നൽകേണ്ട കുടിശ്ശിക എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായി 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-98—മരുന്നു പരിശോധനശാല

ബഡ്ജറ്റ് വിഹിതം—200 ലക്ഷം രൂപ (പ്ലാൻ)

33. എറണാകുളത്ത് പുതുതായി ആരംഭിക്കുന്ന റീജണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ മൈക്രോബയോളജി ലാബ് സ്ഥാപിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ക്ലിനിക്കൽ സ്റ്റഡി നടത്തുന്നതിനുമായി പദ്ധതിയിനത്തിൽ 189.70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-104-98—മരുന്നു പരിശോധന ശാല

ബഡ്ജറ്റ് വിഹിതം—1193.66 ലക്ഷം രൂപ (നോൺ പ്ലാൻ)

34. എറണാകുളം റീജണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ മുതലായവയ്ക്കും വകുപ്പിലെ കണ്ടംചെയ്ത 3 വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM)

2210-03-102-98—ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം—7,500 ലക്ഷം രൂപ

35. NRHM പദ്ധതി 2013-14 വർഷം വിഭാവനം ചെയ്തിരിക്കുന്ന 798.19 കോടി രൂപയിൽ സംസ്ഥാന വിഹിതമായി 199.55 കോടി രൂപ അനുവദിക്കേണ്ടതായിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ അനുവദിച്ച 75 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 124.54 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### റീജണൽ കാൻസർ സെന്റർ

2210-05-800-89—പ്രാദേശിക അർബുദ ചികിൽസാ കേന്ദ്രം

ബഡ്ജറ്റ് വിഹിതം—4,217 ലക്ഷം രൂപ (പ്ലാൻ)
2,664 ലക്ഷം രൂപ (നോൺ പ്ലാൻ)

36. റീജണൽ കാൻസർ സെന്ററിലെ പുതിയ പത്തുനില കെട്ടിടത്തിനായി 22 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നിലവിലുള്ള കരാർ പ്രകാരമുള്ള വില വർദ്ധനയും വൈദ്യുതീകരണം തുടങ്ങിയ അനുബന്ധ ജോലികളുടെ ടെന്റർ എക്സസ്സും ചേർത്ത് 8 കോടിയോളം രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ അക്കാഡമിക് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ കുടിശിക ഇനത്തിൽ 5 കോടി രൂപയും നിർധനരായ രോഗികളുടെ സൗജന്യചികിത്സയ്ക്ക് 10 കോടി രൂപയും അധികമായി വേണ്ടിവരും. ആയതിനാൽ പദ്ധതിയിനത്തിൽ 8 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 10 കോടി രൂപയും അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### മലബാർ കാൻസർ സെന്റർ

2210-05-800-79—മലബാർ കാൻസർ സൊസൈറ്റിക്ക് സഹായം

2210-05-800-62 }
2210-05-800-63 } മലബാർ കാൻസർ സെന്ററിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം—20 കോടി രൂപ (പ്ലാൻ)
7.05 കോടി രൂപ (നോൺ പ്ലാൻ)

37. മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനും സീനിയർ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം, കോൺഫറൻസ് ഹാൾ, ലൈബ്രറി, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണം തുടങ്ങിയ ചെലവുകൾക്കായി 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഫുഡ് സേഫ്റ്റി വകുപ്പ്**

2210-06-102-99—ആഹാരത്തിൽ മായം ചേർക്കുന്നതു തടയൽ

ബഡ്ജറ്റ് വിഹിതം—175 ലക്ഷം രൂപ (പ്ലാൻ)

38. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് പുതിയ കെട്ടിടം പണിയുന്നതിനും ഭക്ഷ്യ വ്യാപാരികൾക്കായുള്ള ഓൺലൈൻ ലൈസൻസിംഗ്/രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ സിസ്റ്റം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കും ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും കൂടാതെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണം നൽകുന്നതിനും കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും ആവശ്യമായ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഫുഡ് ഇൻസ്പെക്ടർമാർക്ക് ആഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ പദ്ധതിയിനത്തിൽ 2,48,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-107-98—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം—350 ലക്ഷം രൂപ (പ്ലാൻ)

39. എല്ലാ ജില്ലകളിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കൽ, നിലവിലുള്ള മൂന്ന് ലബോറട്ടറികൾക്ക് National Accreditation Board for Testing and Calibration Laboratories (NABL) അക്രഡിറ്റേഷൻ നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള മൊബൈൽ ലബോറട്ടറിയും വിജിലൻസ് സംവിധാനവും ഏർപ്പെടുത്തൽ, എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ 235 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

2210-80-190-99-36—കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം—220 കോടി രൂപ (നോൺ പ്ലാൻ)

40. ആശുപത്രികൾ ആവശ്യപ്പെടുന്ന അളവിൽ യഥാസമയം ജീവൻരക്ഷാ മരുന്നുകൾ വിതരണം ചെയ്യുന്നതിനും സംഭരിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 285 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഐക്കോൺസ്**

2210-05-105-36—ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം—3.5 കോടി രൂപ (പ്ലാൻ)
1.5 കോടി രൂപ (നോൺ പ്ലാൻ)

41. ഓട്ടിസം, ബുദ്ധിമാന്ദ്യം, മറ്റ് വൈകല്യങ്ങൾ മുതലായവയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്ന റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഉൾപ്പെടെ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ പ്ലാൻ ഇനത്തിലും 1 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി**

2210-05-800-65(ഗ്രാന്റ്-ഇൻ-എയ്ഡ്)—കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി

ബഡ്ജറ്റ് വിഹിതം—ഇല്ല

42. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ കീഴിലുള്ള 20 പേവാർഡുകളുടെ നവീകരണം, ഐ.പി.പി. ഓഫ്സെറ്റ് പ്രസ്സിന്റെ നവീകരണം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ പുതിയ പേവാർഡുകളുടെ നിർമ്മാണം, ലാബുകളുടേയും വിവിധ യൂണിറ്റുകളുടേയും നിലവാരം അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള ആരോഗ്യ സർവ്വകലാശാല**

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം—400 ലക്ഷം രൂപ (പ്ലാൻ)
414 ലക്ഷം രൂപ (നോൺ പ്ലാൻ)

43. കേന്ദ്രീകൃത ഗവേഷണ സൗകര്യത്തിനായും അക്കാദമിക് സ്റ്റാഫ് കോളേജുകളും മറ്റ് അനുബന്ധ ഹോസ്റ്റലിനും പാരമ്പര്യ ഇതര ഊർജ്ജ ഉൽപ്പാദന-ജല സംഭരണ പദ്ധതി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്**

2210-01-200-93—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

ബഡ്ജറ്റ് വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

44. ഡയബറ്റീസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ക്യാമ്പയിനുകൾ നടത്തുന്നതിനുള്ള വർദ്ധിച്ച ചെലവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സംസ്ഥാന ഔഷധ സസ്യബോർഡ്**

2210-05-101-60—സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്

ബഡ്ജറ്റ് വിഹിതം—50 ലക്ഷം രൂപ

45. നടപ്പുസാമ്പത്തിക വർഷത്തിൽ സർക്കാർ അനുവദിച്ച പദ്ധതി തുകയായ 50 ലക്ഷം രൂപ ഔഷധ സസ്യബോർഡ് ഉദ്ദേശിക്കുന്ന വിവിധ ജനപ്രിയ പദ്ധതികളായ സ്കൂളിൽ ഒരു ഔഷധത്തോട്ടം, ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, ഗുണമേന്മയുള്ള ഔഷധത്തൈകളുടെ ഉൽപ്പാദനം, ഔഷധ സസ്യക്കൃഷി വ്യാപനം, ഔഷധ സസ്യങ്ങളുടെ സമഗ്ര വിവരശേഖരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ മതിയാവാതെ വരുമെന്നതിനാൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ചൈൽഡ് ഡെവലപ്മെന്റ് സെന്റർ**

2210-05-105-50—ശിശു വികസന സെന്റർ സൊസൈറ്റി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം—200 ലക്ഷം രൂപ (പ്ലാൻ)
90.04 ലക്ഷം രൂപ (നോൺ പ്ലാൻ)

46. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുതിയ ആഡിറ്റോറിയത്തിന്റെ നിർമ്മാണം, വിവിധ ഗവേഷണ പ്രവർത്തനങ്ങൾ, ക്ലിനിക് സൗകര്യം മെച്ചപ്പെടുത്തൽ, ട്രെയിനിംഗ്, മറ്റ് പുതിയ സ്കീമുകളുടെ നടത്തിപ്പ് തുടങ്ങിയ ആവശ്യങ്ങൾക്കായി പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ (CDC) പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് വൈദ്യുതി, വെള്ളം, സെക്യൂരിറ്റി സർവ്വീസുകൾ, ക്ലീനിംഗ്, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ തുടങ്ങിയവയ്ക്കും സി.ഡി.സി.-യുടെ സുഗമമായ പ്രവർത്തനത്തിനുമായി 26 പുതിയ തസ്തികകളിൽ നിയമനം നടത്തി ശമ്പളം നൽകുന്നതിനായി പദ്ധതിയിതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ ബോർഡ്**

2210-01-110-86-34—ജില്ലാ താലൂക്ക് ആശുപത്രികളിൽ രക്തബാങ്ക്—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം—150 ലക്ഷം രൂപ

48. നിയമവിധേയമല്ലാത്ത രക്തസംഭരണവും വിതരണവും തടയുക, രക്തദാനത്തെക്കുറിച്ചുള്ള അവബോധം യുവാക്കളുടെ ഇടയിൽ പ്രചരിപ്പിക്കുക, ബ്ലഡ് ബാങ്കുകളുടേയും ടെസ്റ്റ് കിറ്റ്, റീ-ഏജന്റ് മുതലായവയുടെ വിതരണം നിയന്ത്രിക്കുക, ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ പരിധിയിൽ

വരുന്ന വിഷയങ്ങളാണ്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനായും ഇതു സംബന്ധിച്ച മറ്റു പ്രവർത്തനങ്ങൾക്കായും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ**

2210-01-800-89—കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിന് ധനസഹായം

ബഡ്ജറ്റ് വിഹിതം—14,000 രൂപ (നോൺ പ്ലാൻ)—ധനസഹായം

49. സംസ്ഥാന ഫാർമസി കൗൺസിലിന്റെ പുതിയ പദ്ധതികളായ ഡോക്യുമെന്ററി/പരസ്യചിത്ര നിർമ്മാണം, 'ഫാർമസിസ്റ്റ് ഡെസ്ക് റഫറൻസ്' എന്ന ആധികാരിക ഗ്രന്ഥം (പുതിയ എഡിഷൻ) തയ്യാറാക്കൽ, ഡ്രഗ് ഇൻഫർമേഷൻ സെന്റർ തുടങ്ങുക, ഫാർമസിസ്റ്റുകൾക്കായി തുടർവിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയവ ആവിഷ്ക്കരിക്കാൻ പ്രസ്തുത പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. ചെലവുകൾ വർദ്ധിച്ചു വരുന്നതിനാൽ ഗ്രാന്റ് തുക 14,000 രൂപയിൽ നിന്നും 2 ലക്ഷം രൂപയായി ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**റേഡിയേഷൻ സേഫ്റ്റി വകുപ്പ്**

2210-05-105-37—റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം—50 ലക്ഷം രൂപ (പ്ലാൻ)
64.45 ലക്ഷം രൂപ (നോൺ പ്ലാൻ)

51. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള എല്ലാ ആശുപത്രികളിലേയും ഡയഗ്നോസ്റ്റിക് സെന്ററുകളിലേയും എക്സ്റേ, സ്കാനിംഗ് യൂണിറ്റുകൾ, മറ്റ് റേഡിയേഷൻ ഉപകരണങ്ങൾ എന്നിവ പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുകയും അനുബന്ധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന റേഡിയേഷൻ സേഫ്റ്റി വകുപ്പിന് എക്സ്റേ-സ്കാൻ യൂണിറ്റുകളിൽ പരിശോധന നടത്തുന്നതിനും, ക്വാളിറ്റി അഷ്വറൻസ് ടെസ്റ്റുകൾ നടത്തുന്നതിനും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള ഓഫീസ് ചെലവുകൾക്കും വാഹനവും അനുബന്ധച്ചെലവുകൾക്കും ഓഫീസ് സാമഗ്രികൾ, പുതിയ ഉപകരണങ്ങൾ, ലൈബ്രറി നിർമ്മാണം, വെബ്സൈറ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി 9.3 ലക്ഷം രൂപ പദ്ധതിയേതര യിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2013 മേയ് 9.